**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3696** **09-10-2025 - ൽ മറുപടിയ്ക്ക്**

**ഹോർട്ടികോർപ്പ് മുഖേന ഫാം ക്ലബ്ബുകൾ രൂപീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷകരിൽ നിന്ന് ഉല്പന്നങ്ങൾ സംഭരിച്ച് വിതരണം ചെയ്യുന്നതിനായി ഹോർട്ടികോർപ്പ് ഫാം ക്ലബ്ബുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഹോർട്ടികോർപ്പിന് പഴം പച്ചക്കറികൾ വിൽക്കുന്നതിന് സന്നദ്ധമായ കർഷകരെ ഉൾപ്പെടുത്തി കൃഷിഭവനുകൾ കേന്ദ്രീകരിച്ച് ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രങ്ങളുടെ കീഴിൽ കേരളത്തിലുടനീളം നാളിതുവരെ 777 ഫാം ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഫാം ക്ലബിൽ അംഗങ്ങളായ കർഷകരുടെ ഉൽപ്പന്നങ്ങൾ അതാത് ദിവസത്തെ സംഭരണവിലയ്ക്ക് ഹോർട്ടികോർപ്പ് സംഭരിക്കുന്നതാണ്. |
| (ബി) | സംഭരിക്കുന്ന ഉല്പന്നങ്ങൾ വിതരണം ചെയ്യാൻ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ഹോർട്ടികോർപ്പ് സംഭരിക്കുന്ന പഴം പച്ചക്കറികൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി എല്ലാ നിയോജക മണ്ഡലങ്ങളിലും ജനപ്രതിനിധികളുടെ സഹകരണത്തോടു കൂടി 140 ഗ്രാമശ്രീ ഹോർട്ടി ബസാറുകളും പഞ്ചായത്ത് / കോർപ്പറേഷൻ / മുൻസിപ്പാലിറ്റികളിൽ 1,232 ഗ്രാമശ്രീ സൂപ്പർ സ്റ്റാളുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ ഹോർട്ടികോർപ്പ് ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഫലവൃക്ഷ തൈകളുടെ വിതരണ മേഖലയിൽ ഹോർട്ടികോർപ്പ് ഇടപെടൽ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എപ്രകാരമെന്ന് അറിയിക്കാമോ? | (സി) | ഉണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ കോക്കനട്ട് ഡവലപ്മെന്റ് ബോർഡിന്റെ അംഗീകൃത തെങ്ങിൻ തോപ്പുകളിൽ നിന്നും ശേഖരിക്കുന്ന വിത്തു തേങ്ങ ഉപയോഗിച്ച് മുന്തിയയിനം കുള്ളൻ തെങ്ങിൻ തൈകളും കുറ്റ്യാടിയിൽ നിന്ന് ശേഖരിച്ച വിത്തുതേങ്ങ ഉപയോഗിച്ച് WCT തെങ്ങിനങ്ങളും തയ്യാറാക്കുന്നതിന് കൃഷി വകുപ്പിൽ നിന്നുള്ള ലൈസൻസോടു കൂടി കോക്കനട്ട് നഴ്സറി സ്ഥാപിച്ചിട്ടുള്ളതും തെങ്ങിൻ തൈകളുടെ വിതരണം ഹോർട്ടികോർപ്പ് നടത്തിവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ